**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3515** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷയുടെ നടപടിക്രമങ്ങൾ ലഘൂകരിച്ച് അപേക്ഷകന് സമയബന്ധിതമായി സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യങ്ങളിൽ പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കലിനായി യഥാ സമയം നടപടി സ്വീകരിച്ചു വരുന്നു.<br><br>ഭൂമി തരം മാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി 27.06.2024 ലെ സ. ഉ. (അച്ചടി) നം.140/2024/RD, 28.06.2024 ലെ സ. ഉ. (അച്ചടി) നം. 142/2024/RD എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ ചുമതല വിനിയോഗിക്കുന്നതിന് 71 സബ്കളക്ടർ/ഡെപ്യൂട്ടി കളക്ടർമാരെ താലൂക്ക് തലത്തിൽ ചുമതല നൽകി നിയോഗിച്ചിട്ടുള്ളതാണ്.<br><br>01.09.2023 ലെ സ. ഉ. (കൈ) നം. 206/2023/RD ഉത്തരവ് പ്രകാരം തരം മാറ്റ നടപടികൾക്കു മാത്രമായി 68 ജൂനിയർ സൂപ്രണ്ടുമാരെയും, 181 ക്ലാർക്കുമാരെയും നിയമിച്ചിട്ടുള്ളതും, ടി ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട തരം മാറ്റ ഓഫീസുകളിലേക്ക് വിന്യസിച്ചിട്ടുള്ളതുമാണ്. അതുപോലെ തന്നെ സ്ഥലപരിശോധന ആവശ്യമുള്ള തരം മാറ്റ അപേക്ഷകളിൽ വേഗത്തിൽ നടപടി സ്വീകരിക്കുന്നതിനായി 213 വാഹനങ്ങൾ 14 ജില്ലാ കളക്ടർമാർക്കുമായി അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്.<br><br>ഭൂമി തരംമാറ്റ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നത് ലളിതമാക്കുകയും, എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസുകളിലും ഏകീകൃതമായ രീതിയിൽ അപേക്ഷകൾ കൈകാര്യം ചെയ്യുക എന്നുള്ള പ്രാഥമിക ലക്ഷ്യത്തോടെയും, അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് പൊതുജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ഉപകാരപ്രദമാകുന്ന രീതിയിൽ സേവനം ലഭ്യമാക്കുവാനും, സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ (SOP) തയ്യാറാക്കി നൽകിയിട്ടുള്ളതാണ്.<br><br>കൂടാതെ കേരള തണ്ണീർത്തട സംരക്ഷണ നിയമം 27 (എ) പ്രകാരം 25 സെന്റ് വരെ വിസ്തീർണ്ണമുള്ളതും, സൗജന്യ തരംമാറ്റത്തിന് അർഹതയുള്ളതുമായ അപേക്ഷകൾ തീർപ്പാക്കുന്നതിനായി 2025 ഒക്ടോബർ 3 മുതൽ നവംബർ 15 വരെ എല്ലാ ജില്ലകളിലും അദാലത്ത് സംഘടിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. അതിനായി സൗജന്യ തരംമാറ്റത്തിന് അർഹതയുള്ള ഫോറം 6 അപേക്ഷകളിൽ വില്ലേജ് ഓഫീസർമാർ സമർപ്പിക്കേണ്ട അന്വേഷണ റിപ്പോർട്ടിന്റെ മാതൃക ലഘൂകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.<br><br>മേൽ നടപടികളിലൂടെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷയുടെ നടപടിക്രമങ്ങൾ ലഘൂകരിച്ച് അപേക്ഷകന് സമയബന്ധിതമായി സേവനം ലഭ്യമാക്കുവാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ